# FIRST MID TERM EVALUATION JULY: 2016 -'17

Time : 45 mts

Std. X **അടിസ്ഥാനപാഠാവലി** Total Score : 20

*നിർദ്ദേശങ്ങൾ:-*

- *എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.*
- *ചോദ്യങ്ങളുടെ നേരെ അവയുടെ സ്കോർ കൊടുത്തിട്ടുണ്ട്.*

1. പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗം ഉൾപ്പെടുന്ന 'രണ്ടിടങ്ങഴി' എന്ന കൃതി ഏത് സാഹിത്യശാഖയിൽപ്പെടുന്നു? 1
   - ആത്മകഥ
   - ചെറുകഥ
   - നോവൽ
   - ഓർമക്കുറിപ്പ്

www.shenischool.in

2. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതിലാണ് ചേർത്തെഴുതുമ്പോൾ ഒന്നിലേറെ വർണമാറ്റങ്ങൾ സംഭവിക്കുന്നത്? 1
   - നെൽ + മണി
   - വീട് + അല്ല
   - ദാഹ + ജലം
   - മര + കൊമ്പ്

3. ഇതാണോ നിന്റെ ഏറ്റവും വലിയ നേട്ടം?
   ഇതാണോ നിന്റെ ഏറ്റവും വലിയ നേട്ടം!
   - ഈ വാക്യങ്ങൾ നമുക്കുതരുന്ന ആശയമെന്ത്? 2

4. തന്നിരിക്കുന്ന പദങ്ങളെ വിഗ്രഹിച്ചെഴുതുക. 2
   - ദാഹജലം
   - പ്രയത്നഫലം

Shared by: jiniantonyv@gmail.com Mob: 9946899557

5. “പത്തു ദിവസമായിയെന്ന്, അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട്! അവൻ ഉണ്ടാക്കിയ നെല്ലു മറ്റാരുടെയോ വകയായിരുന്നു.”
– ഈ വാക്കുകളിൽ നിന്നും വെളിപ്പെടുന്ന സാമൂഹിക പ്രശ്നം വിശകലനം ചെയ്യുക. 4

6. ഗ്രാമീണ സൗന്ദര്യത്തിന്റെ ഏതെല്ലാം നേർച്ചിത്രങ്ങളാണ് ‘ഓരോ വിളിയും കാത്ത്’ എന്ന കഥയിൽ കാണുന്നത്? ഏറെ ആകർഷകമായവ കണ്ടെത്തി എഴുതുക. 4

7. ‘പ്ലാവിലക്കഞ്ഞി’ എന്ന പാഠഭാഗത്തിലെ കോരൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയാറാക്കുക. 6

Shared by: jiniantonyv@gmail.com Mob: 9946899557